**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സർക്കുലർ നമ്പർ 96/2018/ധന     തീയതി 23/10/2018**

വിഷയം - ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

തൊഴിലാളി ക്ഷേമനിധിയിൽ നിന്നും ആശ്രിതരായ വിധവകൾക്ക് ലഭിക്കുന്ന കുടുംബപെൻഷൻ വളരെ കുറഞ്ഞ തുകയാണെന്നും അവർക്ക് ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ പ്രതിമാസം 600/- രൂപയായി കുറവു ചെയ്യുമ്പോൾ ആകെ ലഭിക്കുന്ന തുക തുച്ഛമാണെന്നും ആയതിനാൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും കുടുംബപെൻഷൻ ലഭിക്കുന്നവരെ രണ്ട് പെൻഷൻ ലഭിക്കുന്നവരുടെ ഗണത്തിൽ ഉൾക്കൊള്ളിക്കുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നും അഭ്യർത്ഥിച്ച് നിരവധി നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ധനസഹായം ഉപയോഗിച്ചു പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകൾ കുടുംബ പെൻഷൻ നൽകുന്നത് സ്വന്തം ഫണ്ട് ഉപയോഗിച്ചാണ്. മാത്രവുമല്ല, കുടുംബ പെൻഷൻ തുക ക്ഷേമനിധി ബോർഡ് പെൻഷൻ തുകയേക്കാൾ വളരെ കുറവുമാണ്/ആകയാൽ, ക്ഷേമനിധി ബോർഡുകളിലെ കുടുംബപെൻഷൻകാർ, മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ കൈപ്പറ്റാത്തവരാണെങ്കിൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ പൂർണ്ണനിരക്കിൽ ലഭിക്കാൻ അർഹരാണ് എന്ന് സ്പഷ്ടീകരണം നൽകുന്നു.

**പ്രതീപ് കുമാർ.ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
ലേബർ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് ( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ